**കാഴ്ചപ്പാട്**

**കെ.സി സലീം**

# നന്മ എന്റെ മതം

“**പ്രതിഭാശാലികളായ** മൂന്നോ നാലോ എഴുത്തുകാരോടൊപ്പം അസൂയയില്ലാതെ കഴിയുക, പരസ്പരം സ്നേഹിക്കുക, ശാന്തമായി ജീവിക്കുക, സ്വന്തം സർഗശേഷി വളർത്തുക, അതിനെക്കുറിച്ച് സംസാരിക്കുക, പരസ്പരം ഉദ്ബുദ്ധരാക്കുക! ഏതെങ്കിലും ഒരു നാൾ ഞാൻ ഈ കൊച്ചു പറുദീസയിൽ ജീവിക്കും.”

ഫ്രഞ്ച് വിപ്ലവത്തിന് ദാർശനികാടിത്തറ പാകിയവരിൽ ഒരാളായ ചിന്തകൻ വോൾട്ടയർ എഴുതിയതായി *സ്റ്റോറി ഓഫ് ഫിലോസഫി* എന്ന പുസ്തകത്തിൽ വിൽ ഡ്യുറന്റ് ഉദ്ധരിച്ച വാക്കുകളാണിവ. പരസ്പരം സ്നേഹിക്കുകയും ശാന്തമായി ജീവിക്കാൻ അനുവദിക്കുകയും എല്ലാവരും എല്ലാവർക്കും വേണ്ടി ജീവിക്കുകയും ചെയ്യുകയെന്നത് ആരാണ് സ്വപ്നം കാണാതിരിക്കുക?

വിവിധ മതവിഭാഗങ്ങളുള്ള ഒരു സമൂഹത്തിൽ ജീവിക്കുമ്പോൾ സഹജീവികൾക്ക് ഒട്ടും അലോസരം തോന്നാത്ത വിധത്തിൽ അവരുടെ ഹൃദയം കവരുമാറുള്ള ഒരു ജീവിതം കെട്ടിപ്പടുക്കുകയെന്നത് എന്നും ഒരു സ്വപ്നമായിരുന്നു. മുസ്‌ലിം ചുറ്റുപാടിൽ മുസ്‌ലിംകളോടൊപ്പം മാത്രം ജീവിച്ച എന്നിലെ മതേതരത്വം നഷ്ടപ്പെട്ടു പോകരുതെന്നും നിർബന്ധമുണ്ടായിരുന്നു.

വിവിധ മതങ്ങളും നൂറുകണക്കിന് ജാതികളും ഉപജാതികളും ജീവിക്കുന്ന ഇന്ത്യയിൽ മുസ്‌ലിംകളായി ജീവിക്കുമ്പോൾ ചരിത്രത്തിലെ ഏത് മാതൃകയാണ് കൂടുതൽ പ്രായോഗികമാവുക എന്നതായിരുന്നു എന്റെ അന്വേഷണം. ജീവിതത്തിൽ പകർത്താൻ ശ്രമിച്ചതും അത് തന്നെയായിരുന്നു. സ്പെയിനിൽ മുസ്‌ലിം ഭരണകാലത്ത് ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒന്നായിരുന്നു ‘കവീവൻഷ്യ’ എന്ന സങ്കൽപം. സ്വതന്ത്രമായി ഭാഷാന്തരം ചെയ്താൽ സമാധാനപൂർണമായ സഹവർത്തിത്വം എന്ന് പറയാം. ജീവിക്കുക, ജീവിക്കാനനുവദിക്കുക എന്നത് തന്നെ. നന്മയിൽ മാത്രം വിശ്വസിക്കുകയും സദാ നന്മ കാംക്ഷിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ മാത്രമാണ് ഇത് പ്രാവർത്തികമാവുക.

എണ്ണൂറു വർഷം നീണ്ടുനിന്ന സ്വൈരൈക്യവും യോജിപ്പുമുള്ള സമൃദ്ധമായൊരു കൂട്ടുജീവിതം സ്പെയിനിലെ മുസ്‌ലിം ഭരണകാലത്തെ ഏറ്റവും വലിയ സവിശേഷതയായിരുന്നു. ക്രി. 711-ൽ താരിഖ്ബ്നു സിയാദിന്റെ നേതൃത്വത്തിൽ മുസ്‌ലിംകൾ അവിടെ കാൽ കുത്തിയത് മുതൽ എണ്ണൂറ് വർഷത്തോളം ചരിത്രത്തിൽ തുല്യതയില്ലാത്ത സഹിഷ്ണുത നിലനിന്ന ഒരു ഭൂപ്രദേശമാണ് സ്പെയിൻ. അബ്രഹാമിക് മതങ്ങളിൽ പെടുന്നവരെന്ന നിലയിൽ മുസ്‌ലിംകൾ ജൂതന്മാരോടും ക്രിസ്ത്യാനികളോടും വളരെ സഹിഷ്ണുതയോടെയായിരുന്നു പെരുമാറിയിരുന്നത്. ആശയപരമായി വ്യത്യാസങ്ങളുണ്ടെങ്കിലും മതസഹയാത്രികരായി മുസ്‌ലിംകൾ അവരെ കണ്ടു. ഗ്രാനഡയിലെ അവസാനത്തെ സുൽത്താൻ ഭരണം 1492ൽ തകരുന്നത് വരെ ഈ കാലഘട്ടം നീണ്ടുനിൽക്കുകയുണ്ടായി. അതിനു ശേഷം അധികാരം പിടിച്ചടക്കിയ ക്രിസ്ത്യാനികൾ ജൂതന്മാരെയും മുസ്‌ലിംകളെയും അവിടെ നിന്ന് പുറത്താക്കുകയാണുണ്ടായത്. അതേ കാലയളവിൽ മലേഷ്യയിലും ഇതേ



**ദൈവിക വചനത്തിന്റെ ജീവിക്കുന്ന മാതൃകകളാണ് മുസ്‌ലിംകളെങ്കിൽ അതു തന്നെയാണ് അവന്റെ പ്രബോധനം. ആ ജീവിതമാതൃകകളാണ് മറ്റുള്ളവർ പകർത്തുക. മാലിക്ബ്നു ദീനാറിന്നും സംഘത്തിനുമുണ്ടായ അനുഭവവും മറിച്ചാവില്ല. അവരുടെ ജീവിതവിശുദ്ധിയും സത്യസന്ധതയും ഗുണകാംക്ഷ നിറഞ്ഞ മനോഭാവവും ഇവിടത്തെ ജനങ്ങളെ അവരോടിഷ്ടമുള്ളവരാക്കി. പിന്നീടെപ്പോഴാണ് മുസ്‌ലിംകൾ അനഭിമതരാവാൻ തുടങ്ങിയത്?**

തരത്തിലുള്ള ബഹുസാംസ്കാരികത നിലനിന്നതായി ചരിത്രം പറയുന്നു.

എല്ലാ മതങ്ങളെയും സ്വീകരിച്ച രാഷ്ട്രമാണ് ഇന്ത്യ. ഹിന്ദുമതവിശ്വാസികൾ ബുദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് തടയാൻ ബുദ്ധമതത്തെ ഹിന്ദുമതത്തിന്റെ ഭാഗമാക്കി ആ നീക്കത്തെ പരാജയപ്പെടുത്താൻ ശ്രമിച്ച ഒരു പാരമ്പര്യവുമുണ്ട് ഇന്ത്യക്ക്. പാർസികൾ ഈ രാജ്യത്ത് വന്നപ്പോഴും ക്രിസ്ത്യാനികളും മുസ്‌ലിംകളും വന്നപ്പോഴും ഇവിടെയുള്ളവർ അവരെ കൈകൾ നീട്ടി സ്വീകരിച്ചിട്ടുണ്ട്. പരസ്പരം ഗുണപ്രദമായ സഹവർത്തിത്വത്തിലൂന്നിയുള്ള ഒരു ജീവിതമായിരുന്നു അവർ മുമ്പിൽ കണ്ടിരുന്നത്. ക്രിസ്തീയ മതപണ്ഡിതന്മാർ മതപരിവർത്തന ശ്രമങ്ങളാരംഭിച്ചപ്പോഴാണ് സ്വാമി ദയാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ അതിനെതിരെ നീക്കങ്ങളാരംഭിച്ചത്. മുസ്‌ലിംകൾ ആദ്യമായെത്തുന്നത് മാലിക്ബ്നു ദീനാറിന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘമായിട്ടാണ്. അവരുടെ ജീവിതവിശുദ്ധിയും ഇടപാടുകളിൽ അവർ കാണിച്ച സത്യസന്ധതയും അവരുടെ സ്നേഹോഷ്മളമായ പെരുമാറ്റവുമെല്ലാം ഇവിടത്തെ ജനങ്ങളിൽ വമ്പിച്ച മതിപ്പാണുണ്ടാക്കിയിരുന്നത്. ജാതിവ്യവസ്ഥ കൊണ്ട് പൊറുതി മുട്ടുന്ന ഒരു സാമൂഹികാന്തരീക്ഷത്തിൽ സർവജനങ്ങളെയും ദൈവത്തിന്റെ തുല്യരായ സൃഷ്ടികളായി കാണുന്ന ഇസ്‌ലാമിലെ സമത്വസങ്കൽപവും ആ വർത്തകസംഘത്തിന്റെ ജീവിത വിശുദ്ധിയും ഇവിടത്തെ ജനങ്ങളെ ആകർഷിച്ചതിൽ അത്ഭുതമില്ല. അവർ ഈ വർത്തക സംഘത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുകയും പെൺകുട്ടികളെ അവർക്ക് വിവാഹം ചെയ്ത് കൊടുക്കുകയും അവരെ തങ്ങളിൽ പെട്ടവരായി കാണുകയും ചെയ്തു എന്നത് ചരിത്രസത്യം. പിന്നീട് എപ്പോഴാണ് മുസ്‌ലിംകൾ ഈ സമൂഹത്തിന് വേണ്ടാത്തവരായിത്തീർന്നത് എന്നത് അന്വേഷണമാവശ്യപ്പെടുന്ന വിഷയമാണ്.

* * * * * *

ഏറെ ഉദ്ധരിക്കപ്പെടുന്ന ഒരു നബിവചനമുണ്ട്: "ദീൻ എന്നാൽ ഗുണകാംക്ഷയാണ്." മറ്റുള്ളവർക്ക് നന്മ കാംക്ഷിക്കലാണത്. മറ്റുള്ളവരുടെ നന്മയിൽ സദാ ശ്രദ്ധയുണ്ടായിരിക്കുകയെന്നർഥം.

പ്രവാചകപത്നി ആഇശയുടെ അടുക്കൽ ഏതാനും അനുചരന്മാർ ഒരിക്കൽ വന്ന് പ്രവാചകൻ മുഹമ്മദിന്റെ ജീവിതത്തെക്കുറിച്ച് പറഞ്ഞുതരുമോ എന്ന് അവരോട് ചോദിച്ചു. ആഇശ(റ) പറഞ്ഞ മറുപടി ഇതായിരുന്നു: "അദ്ദേഹത്തിന്റെ ജീവിതം ഖുർആനാണ്." അംഗീകൃത ഹദീസ് ഗ്രന്ഥങ്ങളിൽ കാണാൻ കഴിയുന്ന സംഭവമാണിത്.

ഖുർആന്റെ ജീവിക്കുന്ന മാതൃകയാണ് പ്രവാചകൻ എന്നാണവർ പറഞ്ഞതിൽ നിന്ന് മനസ്സിലാക്കേണ്ടത്. ദൈവികവചനമായ ഖുർആനെ ഖുർആൻ തന്നെ പരിചയപ്പെടുത്തുന്നത് എങ്ങനെയെന്ന് നോക്കുക: "അല്ലാഹു സദ്‌വചനത്തെ എങ്ങനെയാണ് ഉപമിച്ചിരിക്കുന്നതെന്ന് നീ കണ്ടുവോ? ഒരു നല്ല മരം പോലെയാണത്. അതിന്റെ വേരുകൾ ആഴത്തിൽ ആണ്ടിറങ്ങിയിരിക്കും. ശാഖകൾ ആകാശത്ത് പടർന്ന് പന്തലിച്ച് നിൽക്കും. അതിന്റെ നാഥന്റെ കൽപനയനുസരിച്ച് എല്ലാ കാലത്തും അത് ഫലം നൽകിക്കൊണ്ടിരിക്കും'' (ഖുർആൻ 14:24). ഇതിന്റെ തൊട്ടടുത്ത സൂക്തത്തിൽ ദുഷിച്ച വചനത്തെ ദുഷിച്ച വൃക്ഷത്തോടാണുപമിച്ചിരിക്കുന്നത്. ഇതിൽ പറഞ്ഞ സദ്‌വചനമെന്നത് ദൈവിക വചനമാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. ദൈവിക വചനമായ ഖുർആന്റെ ജീവിക്കുന്ന മാതൃകയായിരുന്നു മുഹമ്മദ് നബി എന്നാണ് ആഇശ(റ) അവരുടെയടുക്കൽ വന്നവരോട് പറഞ്ഞുകൊടുത്തത്.

ഈ സൂക്തത്തിൽ ഉദാത്തമാനവികതയുടെ സന്ദേശമുണ്ട്. എല്ലാ കാലത്തും ആളുകൾക്ക് തണലേകുന്നതാണ് ആ മരം. അതിന്റെ ചുവട്ടിൽ വരുന്നവരെ അത് മതം നോക്കിയോ ജാതി നോക്കിയോ പാർട്ടി നോക്കിയോ തണൽ നൽകാതിരിക്കാറില്ല. എല്ലാവർക്കുമുള്ളതാണതിന്റെ തണൽ. അതു പോലെത്തന്നെ, എല്ലാ കാലത്തും അത് ഫലം പ്രദാനം ചെയ്യുന്നു. അതും ജാതി-മത-സംഘടനാഭേദമന്യേ എല്ലാവർക്കുമാണ്. ഒരാളോടും വിവേചനമില്ല. ആരോടും പകയില്ല. പഴത്തിന്നായി കല്ലെറിയുന്നവർക്ക് പോലും അത് പഴം നൽകുന്നു. ദൈവിക വചനത്തിന്റെ ജീവിക്കുന്ന മാതൃകകളാണ് മുസ്‌ലിംകളെങ്കിൽ അതു തന്നെയാണ് അവന്റെ പ്രബോധനം. ആ ജീവിതമാതൃകകളാണ് മറ്റുള്ളവർ പകർത്തുക. മാലിക്ബ്നു ദീനാറിന്നും സംഘത്തിനുമുണ്ടായ അനുഭവവും മറിച്ചാവില്ല. അവരുടെ ജീവിതവിശുദ്ധിയും സത്യസന്ധതയും ഗുണകാംക്ഷ നിറഞ്ഞ മനോഭാവവും ഇവിടത്തെ ജനങ്ങളെ അവരോടിഷ്ടമുള്ളവരാക്കി. പിന്നീടെപ്പോഴാണ് മുസ്‌ലിംകൾ അനഭിമതരാവാൻ തുടങ്ങിയത്? ഇതര മതസ്ഥരോടുള്ള സമീപനത്തിൽ മുസ്‌ലിംകൾക്ക് മാറ്റം വന്നുവോ? അതോ ഇതര മതസ്ഥർ പെട്ടെന്നൊരു സുപ്രഭാതത്തിൽ മുസ്‌ലിംകളെ ശത്രുക്കളായി പ്രഖ്യാപിച്ചുവോ? ഇന്ത്യാ-പാക് വിഭജനം സൃഷ്ടിച്ച മുറിവുകളെക്കുറിച്ചോ അതിനെ സാമുദായിക ധ്രുവീകരണത്തിനായി ഏതാനും ഹിന്ദു സംഘടനകൾ തെറ്റായി ഉപയോഗിക്കുന്നതിനെക്കുറിച്ചോ അറിയാതെയല്ല ഇതെഴുതുന്നത്. തെറ്റ് മറ്റുള്ളവരിൽ കണ്ടെത്താനാണേറെ പേർക്കും പ്രിയം. ഒരു വിരൽ മറ്റുള്ളവർക്ക് നേരെ നീളുമ്പോൾ നാലെണ്ണം നമുക്ക് നേരെ ചൂണ്ടുന്നു എന്ന് പറയാറുണ്ട്. ഇത് മനസ്സിലാക്കുന്നവരാണ് ആത്മപരിശോധനക്ക് തയാറാവുന്നത്. "വിചാരണ ചെയ്യപ്പെടുന്നതിന് മുമ്പ് നീ സ്വയം വിചാരണ ചെയ്യുക" എന്ന് പ്രവാചകൻ പഠിപ്പിച്ചതിന്റെ പൊരുളും മറ്റൊന്നല്ല.

* * * * * *

പ്രകൃതിമതമെന്ന നിലയിൽ ഇസ്‌ലാമിന്റെ അനുയായി ആവുമ്പോൾ സമൂഹത്തിന് പ്രതീക്ഷിക്കാവുന്ന ചില മൂല്യങ്ങളുണ്ടെന്ന് കരുതണം. അത് നമ്മിൽ നിന്നവർക്ക് ലഭിക്കുന്നുണ്ടോ എന്നാദ്യം പരിശോധിക്കേണ്ടിവരും. നമ്മിൽ നിന്ന് നന്മ പ്രസരിക്കുമ്പോൾ ഇങ്ങോട്ട് നന്മയല്ലാതെന്ത് വരാൻ? "നന്മക്ക് പ്രതിഫലം നന്മയല്ലാതെ മറ്റെന്താണ്?" എന്ന് ഖുർആൻ (55:60). ഉത്തമ വൃക്ഷം എല്ലാ കാലത്തും എല്ലാവർക്കും തണലേകുന്നതു പോലെ, എല്ലാ കാലത്തും എല്ലാവർക്കും പഴം പ്രദാനം ചെയ്യുന്നതു പോലെ, നമ്മിൽ നിന്ന് സമൂഹത്തിന് തണലും സഹായസഹകരണങ്ങളും ഒത്താശകളും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. നല്ല സമീപനം നമ്മിൽ നിന്നുണ്ടാവുമ്പോൾ സമൂഹത്തിൽ അതിന്റെ നല്ല പ്രതികരണങ്ങളുണ്ടാവുന്നുണ്ടെന്നാണ് ജീവിതാനുഭവം.

*ദേശാഭിമാനി*യിൽ സ്ഥിരമായി കവിതകളെഴുതുന്ന ജില്ലാ എംപ്ലോയ്മെന്റ് ആഫീസറായിരുന്ന ഒരു കവി സുഹൃത്തുണ്ടെനിക്ക്. ഞാൻ ജോലി ചെയ്ത ജില്ലയിലെ ഓഫീസിൽ സ്ഥിരമായി ഉച്ചയൂണ് കഴിഞ്ഞാൽ അൽപ സമയം ചെലവഴിക്കാൻ വരുമായിരുന്നു, എന്നെ സദാ ഒരു അറു പിന്തിരിപ്പൻ മതമൗലികവാദിയെന്ന്

പരിഹസിക്കുന്ന അദ്ദേഹം. താങ്കളുടെ അതേ ആശയക്കാരനായ എന്റെ മേലുദ്യോഗസ്ഥന്റെയടുത്ത് പോകാതെ പിന്നെയെന്തിന് എന്റെയടുത്ത് തന്നെ വരുന്നു എന്ന് ചോദിച്ചപ്പോൾ “അത് നിങ്ങളുടെ ചിരി കാണാനാണ്, അതെനിക്ക് വലിയ ഇഷ്ടമാണ്'' എന്നദ്ദേഹം മറുപടി പറഞ്ഞു. ഞാൻ പറഞ്ഞു അതെന്റെ പ്രവാചകൻ പഠിപ്പിച്ചതാണ്. “പ്രവാചകന് ഇതെല്ലാം പഠിപ്പിക്കലല്ലേ പണി'' അദ്ദേഹം പ്രതിവചിച്ചു. അദ്ദേഹത്തിന് *തബസ്സുമുക ഫീ വജ്ഹി അഖീക സ്വദഖ* (സഹോദരന്റെ മുഖത്ത് നോക്കി ചിരിക്കൽ പോലും ദാനമാണ്) എന്ന പ്രവാചകവചനം കേൾപ്പിച്ചു കൊടുത്തു. അദ്ദേഹം അത് അറബി മൂലത്തോട് കൂടി മലയാളത്തിൽ എഴുതി വാങ്ങുകയും പിറ്റേന്ന് അത് ഹൃദിസ്ഥമാക്കി വരികയും പിന്നെ നിത്യസന്ദർശകനാകുന്നതുമാണ് കണ്ടത്. പിന്നീടൊരിക്കലും അദ്ദേഹം എന്നെയോ എന്റെ മതത്തെയോ വിമർശിക്കുന്നത് കണ്ടിട്ടില്ല.

ജർമൻ തത്ത്വചിന്തകനായ ഇമ്മാനുവൽ കാന്റിന്റെ പ്രസിദ്ധമായ തത്ത്വമാണ് കാറ്റഗോറിക്കൽ ഇംപറേറ്റീവ്. ഒരാൾ ഒരു കാര്യം സ്വന്തത്തിന് വേണ്ടി ചെയ്യുമ്പോൾ അത് സാർവലൗകികമാക്കാവുന്ന തരത്തിലേ ആകാവു എന്നതാണത്. ഞാൻ എനിക്കിഷ്ടപ്പെടുന്നതെന്തോ അത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നതാവണമെന്നർഥം. “നിങ്ങളെല്ലാവരും ആദമിൽ നിന്നാണ്, ആദമാകട്ടെ മണ്ണിൽ നിന്നും” എന്ന പ്രഖ്യാപനത്തിലൂടെ സാർവലൗകിക സാഹോദര്യം പ്രഖ്യാപിച്ച മുഹമ്മദ് നബി “ഒരാൾ തനിക്ക് വേണ്ടി ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടുന്നതു വരെ സത്യവിശ്വാസിയാവുകയില്ല” എന്ന് കൂടി പ്രഖ്യാപിച്ചത് ഈ അർഥത്തിൽ വേണം മനസ്സിലാക്കാൻ.

ഭരണഘടന അനുശാസിക്കുന്ന തത്ത്വങ്ങൾ പാലിച്ചുകൊണ്ടും അത് വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യം അനുഭവിച്ചുകൊണ്ടും ഇവിടെയുള്ള ഏതൊരു പൗരനും തന്റെ വിശ്വാസമനുസരിച്ച് ജീവിതം കെട്ടിപ്പടുത്തിട്ടുണ്ടാവും. അത് മതവിശ്വാസമാകട്ടെ, ഏതെങ്കിലും ആദർശത്തിലുള്ള വിശ്വാസമാകട്ടെ, അതനുസരിച്ച് ജീവിക്കുമ്പോൾ ഓരോരുത്തരും മനസ്സിൽ ഒരതിർത്തി നിർണയിച്ചിട്ടുണ്ടാവും. ഉദാഹരണമായി, നാലാളുകൾ ഇരിക്കേണ്ട ഒരു തീൻ മേശയിൽ ഞാനിരിക്കുമ്പോൾ ആ മേശയുടെ നാലിലൊന്ന് എനിക്കുള്ളതാണ് എന്ന് ഞാനെന്റെ മനസ്സിൽ കരുതിയിട്ടുണ്ടാവും. അതിനാലാണ് മറ്റൊരാൾ എതിർ വശത്തിരുന്നാൽ അയാളുടെ ഭക്ഷണത്തളികയോ ഗ്ലാസ്സോ എന്റെ അതിർത്തിക്കുള്ളിൽ വരുന്നത് എന്റെ മനസ്സിൽ അലോസരമുണ്ടാക്കുന്നത്. ഇതരന്റെ മനസ്സിൽ വരച്ചിട്ടുള്ള ഈ അതിർത്തികൾ എനിക്ക് കാണാനാവണം - എന്റെ മനസ്സിലെ അതിർത്തികൾ മറ്റുള്ളവരും പാലിക്കണം എന്നത് പോലെത്തന്നെ. അതുകൊണ്ടാണല്ലോ നാം മറ്റുള്ളവരോട് സംസാരിക്കുമ്പോൾ പലപ്പോഴും വിഷയങ്ങൾ ഒരതിർത്തി വിട്ട് പോകാത്തത്. ഇത് ഓരോരുത്തരും പുലർത്തുന്ന വിശ്വാസത്തിന്റെ കാര്യത്തിൽ വളരെ ശ്രദ്ധാപൂർവം പരിഗണിക്കേണ്ടതുണ്ട്.

ഏതൊരാൾക്കും അയാളുടെ വിശ്വാസം പവിത്രമായിരിക്കും. അയാളുടെ മനസ്സിലുള്ള അതിന്റെ അതിർത്തികൾ കാണാതെ അയാളുടെ വിശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അയാളോട് സംസാരിക്കുന്നത് ശരിയല്ല. സമുദായത്തിലെ പല പ്രസ്ഥാനങ്ങളും ഇക്കാര്യം വേണ്ടവിധം ശ്രദ്ധിക്കാറില്ല എന്നത് പല തവണ അനുഭവമുള്ള കാര്യമാണ്. മറ്റുള്ളവരുടെ വികാരങ്ങൾ പരിഗണിക്കാതെ രൂക്ഷമായി അവരെ വിമർശിക്കുന്നത് ധീരതയാണെന്ന് കരുതുന്ന മൗഢ്യം വർഷങ്ങളായി പലരും വെച്ചു പുലർത്തുന്നുമുണ്ട്. മുഖ്യമായും ശിർക്കിനെതിരെ പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ മിക്കവാറും നേതാക്കളുടെ പ്രസംഗങ്ങൾ പ്രതിപക്ഷബഹുമാനം ഒട്ടും കാണിക്കാത്ത തരത്തിലുള്ളതാണെന്ന് കാണാം. നമസ്ക്കാരത്തിൽ കൈ നെഞ്ചത്ത് കയറ്റി വെക്കാത്തതിനെയും ചെറുപ്പക്കാർ ബർമുഡ ധരിച്ചതു പോലെ പാന്റ്സ് താഴെ നിന്ന് മേലോട്ടേക്ക് മടക്കിക്കയറ്റി വെക്കാത്തതിനെയും ഇവർ അസഹിഷ്ണുതാപൂർവം വീക്ഷിക്കുന്നത് കണ്ടാൽ അത്ഭുതം തോന്നും. സ്വന്തം വീക്ഷണത്തിനും ആദർശത്തിനുമനുസരിച്ച് മറ്റുള്ളവരും ചരിച്ചുകൊള്ളണം എന്ന നിലക്കുള്ള, പല മത സംഘടനകളും ഇപ്പോഴും വെച്ചു പുലർത്തുന്ന, ഈ അസഹിഷ്ണുത മതാധ്യാപനങ്ങൾക്കെതിരാണ്. “മതത്തിൽ നിർബന്ധമില്ല” എന്ന ഖുർആൻ വാക്യത്തിന് പിന്നെന്തർഥം? ‘I do not agree with a word that you say, but I will defend to the death your right to say it’ എന്ന് വോൾട്ടയർ പറഞ്ഞതിനോടാണെനിക്കാഭിമുഖ്യം.

ഓരോ മനുഷ്യനും അവൻ പ്രവർത്തിച്ചതനുസരിച്ച് പ്രതിഫലം കിട്ടുമെന്ന ഇസ്‌ലാമിന്റെ കാഴ്ചപ്പാട് ഇതുതന്നെയാണ് വ്യക്തമാക്കുന്നത്. “ഒരു അണുമണിത്തൂക്കം നന്മ ചെയ്താൽ അതവൻ കാണും. ഒരണുമണിത്തൂക്കം തിന്മ ചെയ്താൽ അതും അവൻ കാണും” എന്ന് ഖുർആൻ. മതപ്രബോധനരംഗത്തുള്ള സംഘടനകൾ ഇത് പലപ്പോഴും പാലിക്കാതെ പോവുമ്പോൾ അത് പ്രബോധിതന്റെ മനസ്സിൽ മതത്തോടുള്ള അവജ്ഞയാണ് അവശേഷിപ്പിക്കുന്നത് എന്ന് കാണാനുള്ള സാമാന്യബുദ്ധിയെങ്കിലും വേണം. മറ്റുള്ളവരെ നിർബന്ധിച്ച് സ്വന്തം മതത്തിലേക്കോ ആശയത്തിലേക്കോ കൊണ്ടുവരണമെന്ന് ഇസ്‌ലാം അനുശാസിക്കുന്നില്ല. മറ്റുള്ളവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുകയേ വേണ്ടൂ. അത് സ്വന്തം ജീവിതത്തിലൂടെയും ആവാം. “അവരുടെ മേൽ നിനക്ക് യാതൊരു വിധ അധികാരവുമില്ല'' (ഖുർ ആൻ 88:22). സ്വന്തം കാഴ്ചപ്പാടാണ് എല്ലായ്പ്പോഴും ശരിയെന്ന് ഉറച്ച് വിശ്വസിക്കുകയും അത് മറ്റുള്ളവരിൽ അടിച്ചേൽപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് മൗഢ്യമാണ്.

മതപ്രബോധനരംഗത്ത് എന്തെല്ലാം വിഡ്ഢിത്തങ്ങൾ അരങ്ങേറുന്നു. പ്രബോധനപ്രവർത്തനങ്ങളുടെ ഭാഗമായി അടുത്ത കാലത്ത് മെഡഗാസ്കറിൽ പോയ തബ്‌ലീഗ് പ്രവർത്തകനായ ഒരാൾ അഭിമാനപൂർവം പറഞ്ഞത് അദ്ദേഹം നാലു പേർക്ക് ശഹാദത്ത് ചൊല്ലിക്കൊടുത്തു എന്നാണ്. പരിശുദ്ധവാക്യം ഉരുവിടുന്നതിന്ന് മുമ്പ് അവർ എന്തായിരുന്നു എന്നോ അതിനു ശേഷം അവർ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുമെന്നോ അദ്ദേഹത്തിന് യാതൊരുറപ്പുമില്ല. മനസ്സിന് ബോധ്യം വരാതെ ഇങ്ങനെ മതപരിവർത്തനം ചെയ്യണമെന്നോ ചെയ്യിക്കണമെന്നോ മതം പഠിപ്പിച്ചിട്ടില്ല. തബ്‌ലീഗ് പ്രവർത്തനത്തിന്റെ ഭാഗമായി ലണ്ടനിലെത്തിയ ചിലരോട് ഒരു ശുചീകരണത്തൊഴിലാളി പറഞ്ഞ കാര്യങ്ങൾ സിയാവുദ്ദീൻ സർദാർ *സ്വർഗം തേടി നിരാശയോടെ* എന്ന പുസ്തകത്തിൽ ഉദ്ധരിക്കുന്നുണ്ട്. അഭിസംബോധിതന് വേണ്ടത്ര ഈമാൻ - വിശ്വാസം - ഇല്ലെന്ന തരത്തിൽ സംസാരം തുടങ്ങിയ തബ്‌ലീഗ് പ്രവർത്തകനോട് ലണ്ടനിലെ ഒരു ശുചീകരണത്തൊഴിലാളി ചോദിച്ചു:

“താങ്കൾക്ക് ആ വേശ്യയുടെ കഥയറിയുമോ?”

“വേശ്യയോ? ഏത് വേശ്യ?” ഖാ

ലിദ് സാഹിബിന് തന്റെ കർണപുടങ്ങളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

“ഒരു ദിവസം...” തൊഴിലാളി കഥ പറഞ്ഞു തുടങ്ങി, “ഒരു വേശ്യ തന്റെ മുമ്പിൽ കൂടി ഒരു കിണറിന് സമീപം നടന്നു പോകുന്നത് പ്രവാചകൻ മുഹമ്മദ് കാണുകയുണ്ടായി. നടന്നു മുന്നോട്ടെത്തിയപ്പോൾ ഒരു നായ ദാഹിച്ച് വലഞ്ഞ് കിണറിനടുത്ത് നിൽക്കുന്നതായി അവൾ കണ്ടു. ഉടനെ കിണറ്റിൽ നിന്ന് അൽപം വെള്ളം കോരി തന്റെ ഷൂവിലൊഴിച്ച് അവൾ ആ നായക്ക് കൊടുത്തു. അവളുടെ കാരുണ്യം നിറഞ്ഞ പ്രവർത്തനം കണ്ട് പ്രവാചക മനസ്സ് കുളിർത്തു. ഈ സൽപ്രവർത്തനം കണ്ട പ്രവാചകൻ പറഞ്ഞു, അവളുടെ എല്ലാ തെറ്റുകളും പൊറുക്കപ്പെട്ടു എന്നും അവൾ സ്വർഗത്തിൽ കടക്കുമെന്നും................ ആ വേശ്യയെപ്പോലെ ഞാനും നമസ്കാരങ്ങളിൽ വീഴ്ച വരുത്തുന്നവനാണെങ്കിൽ ഞാൻ ഇതിനകം തന്നെ ചെയ്ത കാര്യങ്ങളുടെ പേരിൽ അല്ലെങ്കിൽ ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ പേരിൽ എന്റെ എല്ലാ കുറ്റങ്ങളും പൊറുക്കപ്പെടുകയും ഒരു ക്ഷണം സ്വർഗമെങ്കിലും എനിക്ക് നേടാൻ കഴിയുകയും ചെയ്യുകയില്ലേ?”

തൊഴിലാളി തുടർന്നു: “ഞാൻ പ്രവാചകന്റെ ഒരു സംഭവം കൂടി പറയാം. ഒരിക്കൽ പ്രവാചകന്റെ അടുത്ത് ഒരാൾ വന്ന് ചോദിച്ചു, ‘എന്താണ് ഈമാൻ?’ ‘ഈമാന്ന് അറുപതോ എഴുപതോ ശാഖകളുണ്ട്. അല്ലാഹുവല്ലാതെ വേറെ ദൈവമില്ല എന്നതാണ് അതിൽ ഏറ്റവും ശ്രേഷ്ഠം. മനുഷ്യർക്ക് പ്രയാസമുണ്ടാക്കുന്ന വസ്തുക്കൾ വഴിയിൽ നിന്ന് മാറ്റലാണ് അതിൽ ഏറ്റവും താഴെയുള്ളത്.’ ഞാൻ ഒരു ശുചീകരണത്തൊഴിലാളിയാണ്. ദിവസം മുഴുവൻ ഞാൻ അതാണ് ചെയ്യുന്നത്..... കൊല്ലം മുഴുവൻ ഞാൻ തെരുവുകൾ വൃത്തിയാക്കുന്നു. അതിനാൽ എന്റെ ഈമാൻ ഉറച്ചതാണ്. അതിന് വേറെ സ്ഥിരീകരണമോ പരിശോധനയോ ഒന്നും വേണ്ട.” (സിയാവുദ്ദീൻ സർദാർ, *സ്വർഗം തേടി നിരാശയോടെ*, അദർ ബുക്സ്, കോഴിക്കോട്, പേജ് 43, 44.)

നൈർമല്യമില്ലാത്ത വിശ്വാസദാർഢ്യമാണ് മതപ്രബോധനരംഗത്തുള്ള പല സംഘടനകളുടെയും മുഖമുദ്ര. ഒരു ബഹുമത സമൂഹത്തിൽ സമാധാനപൂർണമായ സഹവർത്തിത്വം ആവശ്യപ്പെടുന്ന സഹിഷ്ണുതയുടെ നാമ്പ് പോലും ഇത്തരക്കാരിൽ കാണുക പ്രയാസമായിരിക്കും. തെളിനീര് പോലെ മനസ്സിലാക്കാനാവുന്ന ഇസ്‌ലാമിനെ പലരും സംഘടനാ ശാഠ്യം കൊണ്ട് അഭിസംബോധിതർക്ക് അരോചകമാക്കുന്നു. ഖുർആൻ ആവശ്യപ്പെടുന്ന നയപരമായ സമീപനത്തിന് – ഹിക്മത്ത് – നേരെ വിരുദ്ധമാണിത്. ഫലമോ? ഇസ്‌ലാമിനെ അറിയാനും പാലിക്കാനും ആഗ്രഹിക്കുന്നവർ പോലും അതിൽനിന്ന് അകന്നുപോകുന്നു. ഇതരന്റെ മുഖത്ത് നോക്കി ചിരിക്കുന്നത് പോലും ദാനമാണെന്ന് പഠിപ്പിച്ച ഇസ്‌ലാമിന്റെ സൗന്ദര്യം ഇത്തരം സംഘടനാശാഠ്യങ്ങൾക്കിടയിൽ വിനഷ്ടമാകുന്നു. ഒരു മനുഷ്യന് ചിരിക്കാൻ മുഖത്തെ ഏഴ് മാംസപേശികൾ പ്രവർത്തിച്ചാൽ മതി. മുഖത്തിന് ഗൗരവഭാവം വരുത്താൻ ഇരുപത്തിരണ്ട് മാംസപേശികൾ പ്രവർത്തിക്കണം. എന്നാലും ഇത്തരം പ്രബോധകർക്കതാണിഷ്ടമെന്ന് തോന്നും അവരുടെ മുഖത്തെ ഭാവങ്ങൾ കണ്ടാൽ. നാം മറ്റുള്ളവർക്ക് അസ്വീകാര്യരാവുന്നത് ഇങ്ങനെയൊക്കെയാണ്.

ആഴത്തിലുള്ള പഠനങ്ങൾ നടത്താത്തവരിൽ അതിരു കടന്നതും അനാവശ്യവുമായ അനുഷ്ഠാനവ്യഗ്രത കാണാം. താരതമ്യേന പരുക്കൻ സ്വഭാവവും ഇത്തരക്കാരിൽ കൂടും. “നീ പരുഷ സ്വഭാവിയും കഠിനഹൃദയനും ആയിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റിൽ നിന്നും അകന്നുപോയേനേ” എന്ന് ഖുർആൻ പറഞ്ഞത് ഇവർ ശ്രദ്ധിക്കാറില്ല. സംസാരത്തിലെ സൗമ്യതയും പെരുമാറ്റത്തിലെ വിനയവും പലപ്പോഴും അവഗണിക്കപ്പെടുന്നു. പേർഷ്യൻ സേനാനായകനായിരുന്ന റുസ്തമിന്റെ അടുക്കൽ സഅ്ദിബ്നു അബീ വഖാസിന്റെ ദൂതനായി പോയ റബീഉബ്നു ആമിർ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ട വാചകം പ്രസിദ്ധമാണ്. “ഇഹലോകത്തിന്റെ സങ്കുചിതത്വത്തിൽ നിന്ന് ഇഹപരലോകങ്ങളുടെ വിശാലതയിലേക്ക് നയിക്കാൻ” നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നാണദ്ദേഹം പറഞ്ഞത്. ഇവിടെയിപ്പോൾ പരലോകത്തിന്റെ വിശാലത മാത്രമേ പറഞ്ഞു കേൾക്കുന്നുള്ളൂ. ഇഹലോക ജീവിതത്തെ നിയന്ത്രണങ്ങൾ കൊണ്ട് ഇടുക്കുന്നതിലാണ് പല മതപ്രബോധകർക്കും താൽപര്യം. ഭൗതികകാര്യങ്ങളിൽ നിരോധങ്ങളേർപ്പെടുത്തുന്നതിലുള്ള വാശി വളരെ വലുതാണ്. അതിലൂടെ ഈ ലോകജീവിതത്തെ അവർ വല്ലാതെ ചുരുക്കിക്കളയുന്നു. ഇഹലോകത്തിനും പരലോകത്തിനും തുല്യപ്രാധാന്യം കൊടുക്കുന്നു ഇസ്‌ലാം. “അല്ലാഹു നിനക്ക് നൽകിയതിലൂടെ പരലോകം തേടിക്കൊള്ളുക. ഇഹലോകത്തെ നിന്റെ അംശം നീ മറന്നു കളയുകയുമരുത്” (ഖുർആൻ). “എന്നെന്നും ഇവിടെ ജീവിക്കും എന്നതു പോലെ നീ ഇഹലോകത്തിന് വേണ്ടി പ്രവർത്തിക്കുക; നാളെത്തന്നെ മരിക്കും എന്നതു പോലെ നീ പരലോകത്തിന് വേണ്ടിയും യത്നിക്കുക” എന്ന് പ്രവാചകനും പഠിപ്പിച്ചു. ഇസ്‌ലാമിന്റെ ഈ സൗന്ദര്യം ഇന്നെവിടെ നഷ്ടമാവുന്നു എന്നന്വേഷിക്കേണ്ടതുണ്ട്. സ്ത്രീകളോടുള്ള സമീപനത്തിലാണ് ഇത് ഏറെ പ്രകടമാവുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലത്ത് ബ്രിട്ടീഷുകാരോടുള്ള വിരോധം കാരണമായി ഇംഗ്ലീഷ് ഭാഷ തന്നെ ഉപേക്ഷിച്ച സമുദായത്തിന് വിദ്യാഭ്യാസ രംഗത്ത് വലിയ വില കൊടുക്കേണ്ടി വന്നിട്ടുണ്ട് എന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതിപ്പോൾ തിരുത്തി വരുന്നു എന്നത് സന്തോഷകരമാണ്. എന്നാൽ സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകുന്നതിൽ ഇപ്പോഴുമുണ്ട് പിശുക്ക്. മതപരമായി അറിയാത്ത കാര്യങ്ങളാവുമ്പോൾ അത് തടയുകയും നിരോധിക്കുകയുമാണെളുപ്പം. അല്ലെങ്കിൽ പഠിക്കേണ്ടിവരുമല്ലോ എന്നാണിത്തരക്കാരുടെ മനോഭാവം. “ആർ മനസ്സിന്റെ പിശുക്കിൽ നിന്ന് മുക്തി നേടിയോ അവരത്രെ വിജയികൾ” എന്ന് ഖുർആൻ.

ഒരു ബഹുമത സമൂഹത്തിൽ ജീവിക്കുമ്പോൾ, ആദർശബോധം എന്ന ലേബൽ നിലനിർത്താൻ കൃത്രിമമായി പുലർത്തുന്ന ഇത്തരം ഹൃദയകാഠിന്യം ഇതര മതസ്ഥരിൽ ഉണ്ടാക്കുന്ന തെറ്റായ ധാരണകൾ ചില്ലറയല്ല. ഇതിന്റെ മറവിൽ വേറെയും പല ധാരണകൾ അവർ അടിസ്ഥാനമില്ലാതെ പുലർത്തിയെന്നും വരും. ഇസ്‌ലാമേതര സമൂഹങ്ങളുമായി നിരന്തരമായ സഹവർത്തിത്വമുണ്ടാവുമ്പോൾ അത് മായ്ക്കാൻ അവസരം ലഭിക്കുകയും ചെയ്യും. നമ്മുടെ തന്നെ ജീവിതശൈലികളും പെരുമാറ്റ രീതികളും ഇതരരിലുണ്ടാക്കുന്ന പ്രതികരണത്തെക്കുറിച്ച് പ്രബോധനരംഗത്തുള്ളവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് എന്നാണിത് മനസ്സിലാക്കിത്തരുന്നത്. ■

kcsaleem@journalist.com